DESPATCHED
On. 27/1/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

തിരുവനന്തപുരം 695 001.

ഹർജി നമ്പർ എ.പി.1466 (3)/2021/എസ്.ഐ.സി

(ഫയൽ നം. 13049/എസ്.ഐ.സി - ജി1/2021 )

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

സന്നിഹിതൻ

ശ്രീ. എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി: 17/01/2023

ശ്രീ. അനീഷ്.സി.എ ,
പാലാക്കരയിൽ വീട്,
കണ്ണംമ്പള്ളി ഭാഗം, കായംകുളം പി.ഒ
ആലപ്പുഴ – 690 502.

} അപ്പീൽ ഹർജിക്കാരൻ

Vs

1.സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കായംകുളം നഗരസഭ, കായംകുളം നഗരസഭ കാര്യാലയം,
ആലപ്പുഴ

2. അപ്പീൽ അധികാരി & മുനിസിപ്പൽ സെക്രട്ടറി
കായംകുളം നഗരസഭ, കായംകുളം നഗരസഭ കാര്യാലയം,
ആലപ്പുഴ

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 19.06.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | - |
| ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 27.08.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | - |
| കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 13.10.2021 |
| ഹർജിക്കാരന്റെ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി. | 16.10.2021 |

## ഉത്തരവ്

ആലപ്പുഴ ജില്ലയിലെ കായംകുളം കണ്ണമ്പള്ളി ഭാഗം പാലാക്കാരയിൽ വീട്ടിൽ അനീഷ്. സി.എ കായംകുളം നഗരസഭയിൽ 19.06.2020 ന് സമർപ്പിച്ച വിവരാവകാശ

അപേക്ഷയക്ക് മറുപടി നൽകിയില്ലെന്നും (19.06.2020 ന് ഈ അപേക്ഷ നഗരസഭയിൽ G2 സെക്ഷനിൽ സ്വീകരിച്ചതിന്റെ കൈപ്പറ്റ് രസീത് ടിയാൻ കമ്മീഷനിൽ ഹാജരാക്കി യിട്ടുണ്ട്.) 27.08.2021 ന് ഒന്നാം അപ്പീൽ സമർപ്പിച്ചു എങ്കിലും ആയതിനും മറുപടി ലഭിച്ചില്ല (അപേക്ഷ G2 സെക്ഷനിൽ സ്വീകരിച്ചതിന്റെ കൈപ്പറ്റ് രസീത് ടിയാൻ കമ്മീഷനിൽ ഹാജരാക്കിയിട്ടുണ്ട്.) എന്നുമുള്ള പരാതിയുമായി 13.10.2021 തീയതിയിൽ തയ്യാറാക്കിയ രണ്ടാം അപ്പീൽ 16.10.2021 ന് കമ്മീഷനിൽ സമർപ്പിച്ചു.

2. കമ്മീഷൻ എസ്.പി.ഐ.ഒ യോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. കമ്മീഷന് റിപ്പോർട്ട് ലഭിച്ചില്ല. 30.08.2022 ന് പത്ത് ദിവസത്തിനകം റിപ്പോർട്ട് കമ്മീഷന് ലഭ്യമാക്കണമെന്നും വീഴ്ച വരുത്തിയാൽ വിശദീകരണ സഹിതം എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ നേരിൽ ഹാജരാകേണ്ടി വരുമെന്നും താക്കീത് ചെയ്ത് ഓർമ്മക്കുറിപ്പ് നൽകി. എന്നാൽ അതിനും മറുപടി ലഭിച്ചില്ല. തുടർന്ന് 30.12.2022 ന് ആലപ്പുഴ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ കമ്മീഷൻ സംഘടിപ്പിച്ച ഹിയറിംഗിൽ ഈ അപ്പീൽ ഹർജി പരിഗണിക്കുകയും എസ്.പി.ഐ.ഒ, ഒന്നം അപ്പീൽ അധികാരി എന്നിവർക്ക് ഹാജരാകാൻ നോട്ടീസ് നൽകുകയും ചെയ്തു. എസ്.പി.ഐ.ഒ യും അപ്പീൽ അധികാരിയും തുടർന്നും ഹാജരായില്ല. കായംകുളം നഗരസഭയുടെ പ്രതിനിധികളെ വിളിച്ചപ്പോൾ കമ്മീഷൻ മുമ്പാകെ ഹാജരായ വ്യക്തി ഈവക കാര്യങ്ങളെക്കുറിച്ച് എന്തെങ്കിലും അറിവുള്ള ആളോ ഈ ഫയലുകളുമായി ബന്ധപ്പെട്ട ആളോ റിപ്പോർട്ട് കാലയളവിലോ ഹിയറിംഗ് സന്ദർഭത്തിലോ കായംകുളം നഗരസഭയിൽ ജോലി ചെയ്യുന്ന ആളോ ആയിരുന്നില്ല. അദ്ദേഹം ചവറ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ അസിസ്റ്റന്റ് എഞ്ചിനീയറായി ജോലി ചെയ്യുകയാണെന്നും അദ്ദേഹത്തിന്റെ പേര് ജിഷി എന്നാണെന്നും കമ്മീഷൻ മുമ്പാകെ ഹാജരായ വ്യക്തി അറിയിച്ചു. ഇത് ആൾമാറാട്ടമാണ്. കമ്മീഷൻ നോട്ടീസ് നിസാരമായി കണ്ട് ഹിയറിംഗിൽ നിന്നും യഥാർത്ഥ ഓഫീസർമാർ വിട്ടു നിൽക്കുകയായിരുന്നു. അനധികൃതമായി കമ്മീഷന്റെ മുമ്പിൽ ഹാജരായ അസിസ്റ്റന്റ് എഞ്ചിനീയർ ജിഷിയെ ഹിയറിംഗിൽ നിന്നും പുറത്താക്കുകയും അപ്പോൾ തന്നെ ഔദ്യോഗിക സംവിധാനത്തിലൂടെ കായംകുളം നഗരസഭ സെക്രട്ടറിയെ ഫോണിൽ വിവരം അറിയിക്കുകയും ചെയ്തു. ഹിയറിംഗ് അവസാനിക്കുന്നതിനകം ബന്ധപ്പെട്ടവർ നേരിൽ ഹാജരാകാൻ നിർദ്ദേശിക്കുകയും ചെയ്തു. ഹിയറിംഗിൽ മൂന്നാമത്തെ കേസായി പരിഗണിച്ചതാണ് ഈ

ഫയൽ. വീണ്ടും ഒമ്പത് കേസുകൾ കേൾക്കാൻ ഉള്ളതിനാൽ കായംകുളം നഗര സഭ പ്രതിനിധികൾക്ക് ഹിയറിംഗ് തീരുന്നതിനകം കമ്മീഷൻ മുമ്പാകെ നേരിൽ ഹാജരാകാമായിരുന്നതാണ് എന്നാൽ വൈകുന്നേരം ആറുമണിവരെ കമ്മീഷൻ പ്രതീക്ഷിച്ചെങ്കിലും ഒരാളും പങ്കെടുത്തില്ല. തുടർന്ന് എസ്.പി.ഐ.ഒ യും ഒന്നാം അപ്പീൽ അധികാരിയും 16.01.2023 ന് കമ്മീഷൻ ആസ്ഥാനത്ത് നേരിൽ ഹാജരാകാൻ 04.01.2023 ന് 13049/SIC-G1/2021 നമ്പറായി സമൻസ് അയച്ചിരുന്നു. സമൻസിനു ശേഷവും എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ ഹാജരായില്ല. ഇതു ഗുരുതരമായ അച്ചടക്ക ലംഘനമാണ് എന്നാൽ ഒന്നാം അപ്പീൽ അധികാരിയായ നഗരസഭ സെക്രട്ടറി കമ്മീഷൻ മുമ്പാകെ നേരിൽ ഹാജരായി.

3. അനധികൃതമായി കായംകുളം നഗരസഭയെ പ്രതിനിധീകരിച്ച് കമ്മീഷൻ ഹിയറിംഗിൽ ഹാജരായ ചവറ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ജിഷിയോട് കമ്മീഷൻ വിശദീകരണവുമായി ഹാജരാവാൻ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഒന്നാം അപ്പീൽ അധികാരിയും ശ്രീ. ജിഷിയും കമ്മീഷൻ മുമ്പാകെ ഹാജരായത്. ജിഷിയുടെ വിശദീകരണത്തിൽ പറഞ്ഞത് നഗരസഭയിൽ ടൗൺ പ്ലാനിംഗ് വിഭാഗം ക്ലാർക്ക് ശ്രീ. ഉണ്ണികൃഷ്ണൻ എന്ന ആളാണ് വിവരാവകാശം സംബന്ധിച്ച ഫയലുകൾ എല്ലാം കൈകാര്യം ചെയ്യുന്നത് എന്നും അദ്ദേഹവും താനുമായുള്ള വ്യക്തി ബന്ധത്തിന്റെ പേരിലാണ് താൻ ഹിയറിംഗിൽ കമ്മീഷൻ മുമ്പാകെ ഹാജരായത് എന്നുമാണ്. ഒന്നാം അപ്പീൽ അധികാരിയായ നഗരസഭ സെക്രട്ടറിക്ക് ഇക്കാര്യത്തിൽ അവ്യക്തമായ ധാരണകളാണ് ഉള്ളത്. കമ്മീഷന്റെ ഹിയറിംഗ് നോട്ടീസ് ലഭിച്ചതിനാൽ കൃത്യമായും ഹിയറിംഗിന് എസ്.പി.ഐ.ഒ പങ്കെടുക്കണമെന്ന് ഒന്നാം അപ്പീൽ അധികാരി നിർദ്ദേശിച്ചിരുന്നുവത്രേ. ഹിയറിംഗ് വേളയിൽ കമ്മീഷന്റെ ഓഫീസർമാർ വിളിച്ചറിയിച്ചപ്പോൾ നഗരസഭയിൽ നിന്നും ഒരാൾ കമ്മീഷന്റെ ഹിയറിംഗിൽ പങ്കെടുക്കുന്നുണ്ടെന്നാണ് തനിക്ക് വിവരം ലഭിച്ചതെന്ന് നഗരസഭ സെക്രട്ടറി പറഞ്ഞു. എന്നാൽ സെക്രട്ടറി തന്നെ ഹിയറിംഗിൽ നിന്നു വിട്ടു നിൽക്കുകയായിരുന്നു 16.01.23 ന് സെക്രട്ടറി ഹാജരാക്കിയ ഫയലിലെ കടലാസുകളിൽ 19.06.2020 ന് ശ്രീ. അനീഷ്.സി.എ എന്നയാൾ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരിക്കുന്ന രേഖകൾ ഒന്നും കാണാൻ കഴിഞ്ഞില്ല. TP (1) -87291/19 എന്ന ഫയൽ താൻ കണ്ടിട്ടില്ല എന്നാണ് സെക്രട്ടറി കമ്മീഷൻ മുമ്പാകെ വ്യകതമാക്കി

യത്. അങ്ങനെ ഒരു ഫയൽ തനിക്ക് ബന്ധപ്പെട്ട സെക്ഷനിലും ലഭ്യമാക്കിയിട്ടില്ല എന്ന് സെക്രട്ടറി ആവർത്തിക്കുകയുണ്ടായി. 06.06.2020 ൽ 1382/2020 നമ്പറായി നഗര സഭ നല്കിയ ഹിയറിംഗ് നോട്ടീസിന് ശ്രീ. കുഞ്ഞുമോൻ പാലക്കര തെക്കേതിൽ എന്നയാൾ നൽകിയ മറുപടി കത്തിന്റെ പകർപ്പും ശ്രീ. അനീഷ് ആവശ്യപ്പെട്ടിരുന്നു അതും ഈ നഗരസഭാ സെക്രട്ടറി ഹാജരാക്കിയ ഫയലിൽ ഉണ്ടായിരുന്നില്ല.

4. 19.06.2020 ന്റെ അപേക്ഷക്കും 27.08.20 ലെ ഒന്നാം അപ്പീലിനും മറുപടി നൽകാതിരുന്ന കായംകുളം നഗരസഭാ ഉദ്യോഗസ്ഥർ, ഈ കമ്മീഷൻ രണ്ടു പ്രാവശ്യം ആവശ്യപ്പെട്ടിട്ടും റിപ്പോർട്ട് സമർപ്പിക്കാതിരുന്നവർ, ഇപ്പോൾ ഒരു ലെറ്റർ ഹെഡിൽ അപേക്ഷകന് മറുപടി നൽകിയിരിക്കുന്നതായി ഫയലിൽ വ്യാജ രേഖ ഉണ്ടാക്കി ചേർത്തു വച്ചിരിക്കുന്നതായി നഗരസഭാ സെക്രട്ടറി ഹാജരാക്കിയ കടലാസുകളിൽ നിന്ന് കമ്മീഷന് ബോധ്യമായി. ഈ സാഹചര്യത്തിൽ താഴെപറയുന്ന കാര്യങ്ങളിൽ 15.02.2023 നകം വ്യക്തത വരുത്താൻ ഒന്നാം അപ്പീൽ അധികാരിയായ കായംകുളം സെക്രട്ടറിയോട് നിർദ്ദേശിച്ച് ഉത്തരവാകുന്നു.

a) 19.06.2020 കാലത്തെ കായംകുളം നഗരസഭയിലെ എസ്.പി.ഐ.ഒ ആയി പ്രവർത്തിച്ച ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, ടിയാൾ ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥലം, തസ്തിക, റിട്ടയർ ആണെങ്കിൽ നിലവിലെ മേൽവിലാസം.

b) അപ്പീൽ ഹർജിയിൽ പരാമർശിക്കുന്ന TP|87291/19 നമ്പർ ഫയലിന്റെ കസ്റ്റോഡിയനായിരുന്ന ക്ലാർക്കിന്റെ പേര്, ഗ്രേഡ്, ഇപ്പോൾ അദ്ദേഹം ഈ നഗരസഭ യിൽ ഉണ്ടോ? ഇല്ലെങ്കിൽ ജോലി ചെയ്യുന്ന സ്ഥലം, തസ്തിക, മേൽവിലാസം

c) ഈ അപ്പീൽ ഹർജിക്കാരൻ 19.06.20 ലെ വിവരാവകാശ നിയമം 6(1) വകുപ്പു പ്രകാരം സമർപ്പിക്കപ്പെട്ട വിവരാവകാശ അപേക്ഷക്കും 27.08.2020 ന് വിവരാവകാശ നിയമം 19(1) വകുപ്പു പ്രകാരം സമർപ്പിക്കപ്പെട്ട ഒന്നാം അപ്പീലിനും, സംസ്ഥാന വിവരാവകാശ കമ്മീഷൻ രണ്ടു പ്രാവശ്യം റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടും മറുപടി നൽകാതിരുന്നതിന്റെ കാരണങ്ങൾ ആവശ്യമായ രേഖകൾ സഹിതം.

d) 30.12.2022 ന് ഹിയറിംഗ് വേളയിൽ ബന്ധപ്പെട്ട ഓഫീസർമാർ പങ്കെടുക്കാതിരുന്നതിന്റെ കാരണങ്ങൾ.

e) കമ്മീഷൻ രണ്ടു പ്രാവശ്യം ആവശ്യപ്പെട്ടിട്ടും റിപ്പോർട്ടുകൾ സമർപ്പിക്കാതിരിക്കുകയും, കമ്മീഷന്റെ ഹിയറിംഗിൽ നേരിട്ട് ഹാജരാകാതിരിക്കുകയും കമ്മീഷന്റെ സമൻസിനു ശേഷവും കമ്മീഷനിൽ എത്താതിരിക്കുകയും ചെയ്ത കുറ്റങ്ങൾ എസ്.പി.ഐ.ഒ യുടെ ഭാഗത്തു നിന്നും ഉണ്ടായതിൽ ഒന്നാം അപ്പീൽ അധികാരിയുടെ റിപ്പോർട്ട്.

2)ഈ വിഷയവുമായി ബന്ധപ്പെട്ട് 30.12.2022 ന് സംസ്ഥാന വിവരാവകാശ കമ്മീഷൻ ആലപ്പുഴ സംഘടിപ്പിച്ച ഹിയറിംഗിൽ ഇതുമായി യാതൊരു ബന്ധവുമില്ലാത്ത ചവറ ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ജിഷി ഹാജരാകാനുണ്ടായ സാഹചര്യവും കാരണങ്ങളും സംബന്ധിച്ച് അന്വേഷണം നടത്തി കമ്മീഷൻ മുമ്പാകെ 15.02.2023 നകം റിപ്പോർട്ട് സമർപ്പിക്കാൻ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗം ചീഫ് എഞ്ചിനീയറോട് നിർദ്ദേശിച്ച് കമ്മീഷൻ ഉത്തരവാകുന്നു.

3) ഈ 6(1) അപേക്ഷയിൽ പറയുന്ന TP187291/19 നമ്പർ ഫയൽ 1382/2020 നമ്പർ ഹിയറിംഗ് നോട്ടീസിനുള്ള ശ്രീ. കുഞ്ഞുമോൻ, പാലക്കര തെക്കേതിൽ നൽകിയ മറുപടി കത്ത്, ശ്രീ. അനീഷ്. സി.എ 19.06.2020ൽ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ സ്വീകരിച്ച നടപടി വിവരങ്ങൾ വ്യക്തമാക്കുന്ന രേഖകൾ, എന്നിവയും അനുബന്ധ രേഖകളും 15.02.2023 ന് കമ്മീഷൻ മുമ്പാകെ നിലവിലെ കായംകുളം നഗരസഭ എസ്.പി.ഐ.ഒ നേരിൽ ഹാജരാക്കേണ്ടതാണ്.

മുകളിൽ പറഞ്ഞ നിർദ്ദേശത്തോടെ ഈ അപ്പീൽ ഹർജിയിൽ ഇന്നേ ദിവസം (2023, ജനുവരി മാസം 17-ാം തീയതി) താൽക്കാലികമായി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**എ. അബ്ദുൽ ഹക്കീം,**
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

pm

STATE INFORMATION COMMISSION • KERALA, THIRUVANANTHAPURAM